# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## പാപിനിയായ സ്ത്രീ നമ്മുടെ പ്രതിനിധി




വത്തിക്കാൻ സിറ്റി: സുവിശേഷത്തിൽ പ്രതിപാദിക്കുന്ന പാപിനിയായ സ്ത്രീ പാപികളായ നമ്മുടെ ഒരോരുത്തരുടെയും പ്രതിനിധിയാണെന്ന് ഫ്രാൻസിസ് മാർപാപ്പ. പാപിനിയായ സ്ത്രീയുമായി യേശുവിന്റെ പക്കലെത്തിയവർ തങ്ങളുടെതന്നെ പാപത്തെക്കുറിച്ച് അവബോധമുള്ളവരായാണ് മടങ്ങുന്നതെന്നും ത്രികാലജപത്തിന് ശേഷം നടത്തിയ പ്രസംഗത്തിൽ പൊതുജനങ്ങളോട് പാപ്പ പങ്കുവച്ചു. സുവിശേഷത്തിൽ കാണുന്നതുപോലെ നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള അവബോധം നമുക്കുണ്ടാകണം. മറ്റുള്ളവരെ എറിയാൻ ലക്ഷ്യം വച്ചിരിക്കുന്ന കല്ലുകൾ നിലത്തിടാനുള്ള ധൈര്യമുണ്ടാകണം. അപ്പോഴാണ് നമ്മൾ ചെയ്യുന്ന തെറ്റുകളെക്കുറിച്ച് ചിന്തിക്കാൻ സാധിക്കുന്നത്. പാപ്പ തുടർന്നു.

എല്ലാവരും പോയി കഴിഞ്ഞപ്പോൾ യേശുവും സ്ത്രീയും മാത്രമാണ് അവശേഷിച്ചത്. ദുരിതവും കരുണയും തമ്മിൽ നേർക്കുനേർ കണ്ടുമുട്ടുകയാണവിടെ. ഇന്നത്തെ സാഹചര്യത്തിൽ പാപത്തെക്കുറിച്ചുള്ള അപമാനഭാരത്താൽ കുമ്പസാരക്കൂടണയുന്ന പാപിയുടെ അവസ്ഥയാണിത്. നമ്മുടെ ദുരിതപൂർണമായ അവസ്ഥ ബോധ്യപ്പെടുമ്പോൾ നാം ദൈവത്തോട് കരുണ യാചിക്കുന്നു. യേശുവിന്റെ വിശ്വസ്തതയെ വഞ്ചിച്ച പാപികളായ നമ്മുടെ സ്ഥാനത്താണ് പാപിനായ സ്ത്രീ നിൽക്കുന്നത്. അവൾക്ക് ലഭിച്ച അനുഭവം തന്നെയാണ് നാമോരോരുത്തർക്കുമായി ദൈവം കരുതി വച്ചിരിക്കുന്നത്. ശിക്ഷയല്ല, മറിച്ച് യേശുക്രിസ്തുവിലൂടെയുള്ള രക്ഷയാണത്; പാപ്പ വിശദീകരിച്ചു.

തുടർന്ന് നടന്ന മരിയൻ പ്രാർത്ഥനയ്ക്ക് ശേഷം സെന്റ് പീറ്റേഴ്സ് ചത്വരത്തിലെത്തിയ എല്ലാവർക്കും ലൂക്കായുടെ സുവിശേഷം വിതരണം ചെയ്തു. വോളന്റിയർമാരുടെ സഹായത്തോടെ റോമിലെ മുത്തശ്ശൻമാരും മുത്തശ്ശിമാരുമാണ് സുവിശേഷം വിതരണം ചെയ്തത്. കുട്ടികളിലേയ്ക്ക് വിശ്വാസം പകർന്ന് നൽകുന്ന വോയധികരെ മാർപാപ്പ അഭിനന്ദിച്ചു. കരുണയുടെ ഏഴ് ശാരീരിക പ്രവൃത്തികളും ആത്മീയ പ്രവൃത്തികളും അടങ്ങുന്ന ബുക്ക്‌ലെറ്റുകളും സുവിശേഷത്തോടൊപ്പം വിതരണം ചെയ്തിരുന്നു. ഈ പ്രവൃത്തികൾ പ്രാവർത്തികതലത്തിൽ കൊണ്ടുവരുന്നതിനായി അവ കാണാതെ പഠിക്കുന്നത് നല്ലതാണെന്ന് പാപ്പ ഉദ്ബോധിപ്പിച്ചു.

അവർ ആവർത്തിച്ച ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു. എന്നാൽ, ഇതുകേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു. യേശു നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ?. അവൾ പറഞ്ഞു: ഇല്ല, കർത്താവേ! യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹന്നാൻ 8:7-11).

കടപ്പാട്: us.sundayshalom.com